# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊന്നത്തടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി.ഐ.ഡി.കെ.7/899/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊന്നത്തടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.ഐ.ഡി.കെ.7/899/2021 തീയ്യതി: 30/09/2021

## ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സി.ആർ.ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 31-08-2021 | 03-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 31-08-2021 | 03-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. മരുൺ മാത്യു, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി.സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. എബി എബ്രഹാം, സീനി. ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോർജ് ജോസഫ് | പ്രസിഡന്റ് | 01-04-2019 | 17-01-2020 |
| ശ്രീ.എൻ.എം ജോസ് | പ്രസിഡന്റ് | 18-01-2020 | 31-03-2020 |
| ശ്രീ.എ.വി.അജികുമാർ | സെക്രട്ടറി | 01-04-2019 | 19-07-2019 |
| ശ്രീ.ജോൺ ഗോട്രിക് ഗ്രീക്ക് | സെക്രട്ടറി | 20-07-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീകുമാരി റ്റി.വി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷെറിൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ആൻഡ്രൂസ് | | | |
| ശ്രീ.ആനന്ദ് കൃഷ്ണൻ .ആർ | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ശ്രീമതി.അജിത എസ്.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 01-06-2019 |
| ശ്രീമതി.ഗ്രേസി കുര്യാക്കോസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 02-06-2019 | 31-03-2020 |
| ശ്രീമതി.സ്മിത കെ.ജി | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ഡോ.ദീപു കൃഷ്ണ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ശാരിക കെ.യു | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.തോമസ് മണവാളൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.സുജിത്ത് പി.രാഘവൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. നീതു ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 01-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-1 |
| 2 | ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 01-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-1-1 |
| 3 | നടപടിക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി<br>Written By: Marun Mathew (Asst. Audit Officer, On 01-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-1-2 |
| 4 | ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല<br>Written By: Marun Mathew (Asst. Audit Officer, On 01-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രിക<br>Written By: Marun Mathew (Asst. Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-2 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-3 |
| 7 | പദ്ധതി അവലോകനം<br>Written By: Susaniamma Thomas (Audit Officer, On 04-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Marun Mathew (Asst. Audit Officer, On 01-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 26-09-2021) | 1-5 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 04-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 26-09-2021) | 1-6 |
| 10 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Susaniamma Thomas (Audit Officer, On 04-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-7 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 05-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-8 |
| 12 | വിവിധ ഗ്രാന്റുകൾ വരവിലെടുത്തതിലെ അപാകതകൾ<br>Written By: Marun Mathew (Asst. Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-9 |
| 13 | സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല<br>Written By: Marun Mathew (Asst. Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-10 |
| 14 | ലോൺ രജിസ്റ്റർ കൃത്യതയോടെ പരിപാലിച്ചിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 26-09-2021) | 1-11 |
| 15 | സാംഖ്യയിൽ വർഷാരംഭത്തിലെ ജേണൽ എൻട്രികളും ഡിമാന്റ് എൻട്രികളും സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല<br>Written By: Marun Mathew (Asst. Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-12 |
| 16 | വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു<br>Written By: Maya Krishnan (Auditor, On 03-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 26-09-2021) | 1-13 |
| 17 | വസ്തു നികുതി ഈടാക്കിയതിലെ കുറവ് സംബന്ധിച്ച്<br>Written By: Maya Krishnan (Auditor, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-14 |
| 18 | വാടകക്കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Maya Krishnan (Auditor, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-15 |
| 19 | FACTEOS ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Maya Krishnan (Auditor, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-16 |
| 20 | ഇ-ടെണ്ടർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 1-17 |
| 21 | എസ്.എസ്.എ വിഹിതം -രേഖകൾ ഹാജരാക്കിയില്ല<br>Written By: Susaniamma Thomas (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-09-2021) | 1-18 |
| 22 | പട്ടികജാതി വീട് മെയിന്റനൻസ് -രേഖകൾ ഹാജരാക്കാതെ ആനുകൂല്യം | 1-19 |

| | | |
|---|---|---|
| | നൽകി<br>Written By: Maya Krishnan (Auditor, On 03-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-09-2021) | |
| 23 | നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ കരാറുകാരുടെ ജാമ്യത്തുകകൾ കണ്ടുകെട്ടണമെന്ന തീരുമാനം നടപ്പായില്ല<br>Written By: V G Sajimon (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-20 |
| 24 | പദ്ധതി മാർഗരേഖയ്ക്കു വിരുദ്ധമായി ഗുണഭോക്തൃ വിഹിതമില്ലാതെ ജലവിതരണ പദ്ധതികൾ നടപ്പാക്കി<br>Written By: V G Sajimon (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-09-2021) | 1-21 |
| 25 | ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്ന തീരുമാനം നടപ്പായില്ല<br>Written By: V G Sajimon (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-22 |
| 26 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 05-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-23 |
| 27 | വാഹന വാടക സംബന്ധിച്ച്<br>Written By: Anitta P Samuel (Asst. Audit Officer, On 04-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-24 |
| 28 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Susaniamma Thomas (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-25 |
| 29 | മോണിട്ടറിംഗ് സമിതികൾ നിർജ്ജീവം<br>Written By: Susaniamma Thomas (Audit Officer, On 07-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-26 |
| 30 | ജവഹർ ഭവവനപദ്ധതി-ലോൺ തുക യഥാസമയം തിരിച്ചടച്ചില്ല- പലിശയിനത്തിൽ ഗണ്യമായ തുക നഷ്ടം<br>Written By: Anitta P Samuel (Asst. Audit Officer, On 08-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-27 |
| 31 | പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല, തടസ്സം, ₹2,30,260/-<br>Written By: Eby Abraham (Senior Grade Auditor, On 09-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 01-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 05-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 02-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 31-08-2021) | 4-10 |

| | | |
|---|---|---|
| | Last Updated By: C R Beenakumary (Deputy Director, On 30-09-2021) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 31-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

21.02.2019 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 നമ്പർ തീരുമാന പ്രകാരം അംഗീകാരം നേടി. ₹331744172/- വരവും ₹231949600/- ചെലവും ₹99794572/- രൂപ മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 25.2.2020 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 06.2.2019-ൽ ബജറ്റും 19.02.2020-ൽ പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-1-1 ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല

സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-നു മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

### 1-1-2 നടപടിക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ പരിഷ്കരിച്ച ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20-ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

### 1-1-3 ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2019-20-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 6600000 | 4698984 | 1901016 |
| | എ | വസ്തുനികുതി | 5000000 | 3584824 | 1415176 |
| | ബി | തൊഴിൽ നികുതി | 1600000 | 1114160 | 485840 |
| 2 | | നികുതിയേതര വരവുകൾ | 1331803 | 1171482 | 160321 |
| | എ | വാടക കെട്ടിടങ്ങൾ | 390000 | 246276 | 143724 |
| | ബി | ലൈസൻസ് | 517795 | 504225 | 13570 |
| | സി | സെയിൽ & ഹയർ ചാർജ് | 135258 | 166938 | 31680 |
| | ഡി | പലിശ | 200000 | 229852 | 29852 |
| | | | | | |

| | | | | |
|---|---|---|---|---|
| 3 | മറ്റ് വരവുകൾ | 80,000 | 24191 | 55809 |
| 4 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 14570150 | 12519717 | 2050433 |
| 5 | ഭരണ ചെലവുകൾ | 3365000 | 1549178 | 1815822 |
| 6 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2013000 | 2692018 | 679018 |

(അവലംബം-2019-20 പുതുക്കിയ ബജറ്റ്, വാർഷിക കണക്കുകൾ, ബജറ്റ് അലോക്കേഷൻ ഉത്തരവുകൾ)

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 03.05.2020 | ഇല്ല | ഇല്ല |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 24910000 | 24910000 | 24722713 | 187287 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 2344000 | 2344000 | 2123386 | 220614 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1730000 | 1730000 | 1215563 | 514437 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 2327000 | 2327000 | 1622160 | 704840 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 19038000 | 19038000 | 10514222 | 8523778 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 7143000 | 7143000 | 4086783 | 3056217 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 104628907 | 104628907 | 104628907 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 12907 | 3616436 | 3629343 | 3623343 | 6000 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐസി ഡി എസ് | | 596179 | 859583 | 1455762 | - | 1455762 |
| പശ്ചിമഘട്ടം | | 2762122 | - | 2762122 | - | 2762122 |
| | | | | | | |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| വിമുക്തി | 37500 | - | 37500 | 37500 | - |
| ശുചിത്വമിഷൻ | 1382475 | 235000 | 1617475 | 190000 | 1427475 |
| എയ്ഡ്സ് കൺട്രോൾ ഫണ്ട് | 55408 | - | 55408 | 55408 | - |
| ജലനിധി | 3000315 | 872086 | 3872401 | 986097 | 2886304 |
| എം എൻ ലക്ഷംവീട് | 49414 | | 49414 | 49414 | |
| കേരളോത്സവം | - | 20000 | 20000 | - | 20000 |

ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ 320200307, 320300199 എന്നീ ഹെഡ്ഡുകളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുകകൾ ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമല്ല.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 272 | 323178860 | 171 | 48970479 | - | 101 | 62.86 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ | ചെലവ് | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|
| 1.സെക്രട്ടറി | 32 | 21 | 11803431 | 9655123 | 11 | 81.79 |
| 2.അസി.എഞ്ചിനീയർ | 184 | 104 | 42595070 | 18493193 | 80 | 43.41 |
| 3.വെറ്ററിനറി സർജൻ | 12 | 9 | 7840390 | 2691950 | 3 | 34.33 |
| 4.കൃഷി ഓഫീസർ | 6 | 4 | 2127273 | 230260 | 2 | 10.8 |
| 5. ഐ സി ഡി എസ് | 4 | 2 | 8349453 | 4140226 | 2 | 49.58 |
| 6. എം.ഒ. സിഎച്ച് സി | 3 | 2 | 1540000 | 1148600 | 1 | 74.58 |
| 7. വി.ഇ.ഒ | 18 | 16 | 241922596 | 8595090 | 2 | 3.55 |
| 8. ഹെഡ്മാസ്റ്റർ | 4 | 4 | 900000 | 897759 | 0 | 99.75 |
| 9.ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3700000 | 1200000 | 0 | 32.43 |
| 10.അസി.സെക്രട്ടറി | 6 | 6 | 2050647 | 1568278 | 0 | 76.47 |
| 11.ഹോമിയോ | 2 | 2 | 350000 | 350000 | 0 | 100 |
| ആകെ | 272 | 171 | 323178860 | 48970479 | 101 | 62.86 |

ജില്ലാ ആസൂത്രണ സമിതിയുടെ 25/06/2019 തീയതിയിലെ 2820/18/DPC/DPO/IDK ഉത്തരവ് പ്രകാരം 272 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 171 പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 101 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. തൻവർഷം നടപ്പിലാക്കിയ പദ്ധതികൾക്കായി 62.86 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കാർഷിക മേഖലയ്ക്കായി വകയിരുത്തിയ പദ്ധതി തുകയുടെ 10.8% മാത്രമെ തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 12907 | 3616436 | 3629343 | 3623343 | 6000 |
| തൊഴിലാളികളുടെ കൂലി | 0 | 104628907 | 104628907 | 104628907 | 0 |

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന | ഒഴിവായ കാർഡുകൾ | പുതുതായി നല്കിയ | വർഷാവസാനമുള്ള ആകെ | തൊഴിൽ ആവശ്യപ്പെട്ടവർ |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| തൊഴിൽ കാർഡുകൾ- എണ്ണം | | കാർഡുകൾ- എണ്ണം | കാർഡുകൾ | കുടുംബങ്ങൾ | വ്യക്തികൾ |
| 6738 | 19 | 146 | 6865 | 5093 | 7852 |

1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 8 | 3960 |
| കർഷകതൊഴിലാളി പെൻഷൻ | 1729 | 3329400 |
| വിധവാപെൻഷൻ | 2195 | 4658600 |
| വാർദ്ധക്യകാലപെൻഷൻ | 7464 | 1498980 |
| വികലാംഗപെൻഷൻ | 987 | 1961300 |
| അവിവാഹിതർക്കുള്ള പെൻഷൻ | 90 | 181200 |

1-6-1 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീർപ്പു കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.09.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹18566/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവു മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ആസ്തികളുടെയും സ്റ്റോക്കുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തി വരുന്നില്ല. ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി

സമാഹരണം നടത്തുവാൻ പ്രൊക്യുർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

<u>1-8-1അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ</u>

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

<u>1-8-2 മുൻകൂർ രജിസ്റ്റർ</u>

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

<u>1-8-3 സ്റ്റോക്ക് രജിസ്റ്റർ</u>

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

<u>1-8-4 സ്യൂട്ട് രജിസ്റ്റർ</u>

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

<u>1-8-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ</u>

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല. അതിനാൽ, തുക ഒടുക്കിയിട്ടുള്ള സംഗതികളിലും രജിസ്റ്റർ പ്രകാരം ബാധ്യത നിലനിൽക്കുന്നു. 2019-20 ൽ വിവിധ ഓഡിറ്റ് വർഷങ്ങളിൽ നഷ്ടം നിജപ്പെടുത്തിയ ₹24191/- (ഖണ്ഡിക 4-7 കാണുക) വിവിധ നഷ്ടോത്തരവാദികൾ തിരികെ ഒടുക്കിയിട്ടുണ്ട്. എന്നാൽ, വിവരം ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

<u>1-8-6 ഡെപ്പോസിറ്റ് രജിസ്റ്റർ</u>

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

<u>1-9 വിവിധ ഗ്രാന്റുകൾ വരവിലെടുത്തതിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല

ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും വ്യക്തമായ വിവരണം രേഖപ്പെടുത്താതെ മറ്റ് ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്. ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകിയിട്ടില്ലാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല. കൂടാതെ, ചെലവുകൾ കൃത്യമായി രേഖപ്പെടുത്താതെ വർഷാവസാനം ഒരു ജേണൽ എൻട്രി മുഖേന ഇൻകം ഹെഡിലേക്കോ മറ്റ് ഹെഡിലേക്കോ തുക മാറ്റിയിരിക്കുകയാണ്.

| ക്രമ നം | ശീർഷകം | തുക |
|---|---|---|
| 1 | 320300199 | 13120737 |
| 2 | 320700209 | 263550 |
| 3 | 320700404 | 1113940 |
| 4 | 320200307 | 3500000 |

## 1-10 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.2020-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹99000/- രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, തുക Stale Cheque ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ മൂന്നുമാസകാലാവധി കഴിഞ്ഞ Stale ചെക്ക് തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാധ്യത പട്ടികയിൽ നിന്നും ഒഴിവാക്കി വരവായി രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 1-11 ലോൺ രജിസ്റ്റർ കൃത്യതയോടെ പരിപാലിച്ചിട്ടില്ല

ലോൺ രജിസ്റ്റർ കൃത്യതയോടെ പരിപാലിച്ചിട്ടില്ലാത്തതിനാൽ 31.03.20-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ B(5)ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന വായ്പ തുകയുടെ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല. കൂടാതെ –ആസ്തി-ബാദ്ധ്യത പത്രികയിലെ ലെ B(5), B(16) ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-12 സാംഖ്യയിൽ വർഷാരംഭത്തിലെ ജേണൽ എൻട്രികളും ഡിമാന്റ് എൻട്രികളും സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

സാംഖ്യ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ 2019-20-ലെ ജേണൽ എൻട്രി 31.05.2019 ലാണ് ചെയ്തിട്ടുള്ളത്. വസ്തുനികുതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി, നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്‌തു നികുതി ഈടാക്കാനവശേഷിക്കുന്നു

2019-20 വർഷം വസ്തു നികുതി ഇനത്തിൽ താഴെ സൂചിപ്പിക്കുന്ന തുക ഈടാക്കാനവശേഷിക്കുന്നു.

| ഇനം | തുക₹ (വാർഷികക്കണക്ക് പ്രകാരം) |
|---|---|
| പാർപ്പിടാവശ്യം | 684,683 |
| പാർപ്പിടേതരാവശ്യം | 1811515 |

കുടിശ്ശിക വസ്തു നികുതി കാലഹരണപ്പെടാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-14 വസ്തു നികുതി ഈടാക്കിയതിലെ കുറവ് സംബന്ധിച്ച്

മാനേജിങ് പാർട്ണർ, എസ്.ജെ. കൺസ്ട്രക്ഷൻസ്, കമ്പിളികണ്ടം എന്ന വ്യക്തിയുടെ പേരിൽ 2019-20-ൽ ഓഫീസ് ആവശ്യത്തിന് FACTEOS ലൈസൻസ് എടുത്ത് പ്രവർത്തിയ്ക്കുന്ന, 11/626 കെട്ടിട നമ്പറുള്ള സ്ഥാപനത്തിൽ നിന്ന് ആശുപത്രി എന്ന ഗണത്തിൽ ഉൾപ്പെടുത്തി ₹7/- നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്. സഞ്ചയയിലെ വസ്തു നികുതി നിരക്ക് പ്രകാരം ₹45/- ആണ് ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്കുള്ള വസ്തു നികുതി. അടിസ്ഥാന വസ്തുനികുതിയിൽ വഴിസൗകര്യത്തിനുള്ള വർദ്ധനവ് 20 ശതമാനവും മേഖലാടിസ്ഥാനത്തിലുള്ള കുറവ് 30 ശതമാനവും വരുത്തിയിട്ടുണ്ട്. അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/02.09.2021-ന് അപാകതകൾ പരിഹരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം, കെട്ടിട നമ്പർ, വിസ്തീർണ്ണം | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്/ വാർഷിക നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്ക്/ വാർഷിക നികുതി | വർദ്ധന നടത്തിയത് | വർദ്ധന നടത്തേണ്ടത് | ആകെ ഈടാക്കിയത് | ആകെ ഈടാക്കേണ്ടത് |
|---|---|---|---|---|---|---|
| മാനേജിങ്ങ് പാർട്ണർ, എസ്.ജെ. കൺസ്ട്രക്ഷൻസ്, കമ്പിളികണ്ടം 11/626 32 ച.മീ | 7/224 | 45/1440 | -30%=-67.2 +20% = 44.8 =-22.4 | -30%= -432 +20% = + 288 =-144 | 202 | 1296 |

സപ്ലിമെന്ററി അസെസ്മെന്റ് നടത്തി പുതുക്കിയ നിരക്കിൽ 2019-20 മുതൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 വാടകക്കുടിശ്ശിക ഈടാക്കിയിട്ടില്ല

2019-20 വർഷത്തെ വാടക ഇനത്തിലുള്ള വരവ് പരിശോധിച്ചപ്പോൾ താഴെ സൂചിപ്പിക്കുന്ന പ്രകാരം കുടിശ്ശിക ഉള്ളതായി കണ്ടു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കുടിശ്ശികക്കാരന്റെ വിവരങ്ങൾ | വാടക നിരക്ക് | വാടകക്കുടിശ്ശിക |
|---|---|---|---|---|
| 1 | XI/755 | എ.എം.രാജു, എത്തലിൽ, മുക്കടം | 672 | 8064 |
| 2 | XI/753 | ഷൈല രാജു, എത്തലിൽ, മുക്കടം | 667 | 8004 |
| 3 | XI/760 | ഷൈല രാജു, എത്തലിൽ, മുക്കടം | 662 | 7944 |
| | | | ആകെ | 24012 |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിട വാടകക്കാർ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലെന്ന മാത്രമല്ല മുൻവർഷം കുടിശ്ശിക വരുത്തിയിട്ടുള്ളവരുമാണ്. കുടിശ്ശിക വരുത്തിയ വാടകക്കാർക്ക് തന്നെ അടുത്ത വർഷവും കടമുറികൾ വാടകയ്ക്ക് നൽകിയത് ശരിയായ നടപടിക്രമമല്ല. വാടക സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ടി കടമുറികൾ റവന്യൂ റിക്കവറി വഴി ഒഴിപ്പിക്കുന്നതിനായി 19/01/2021 ലെ 2021/7/06 നമ്പറായി നടപടികൾ സ്വീകരിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ശേഷം കടമുറികൾ ഒഴിവാകുന്നത് സംബന്ധിച്ച് ടി വ്യക്തികൾക്ക് 15/02/21 ലെ എ5 -4702/2021 കത്ത് പ്രകാരം അറിയിപ്പ് നൽകുകയും ഇതിനുള്ള സഹായം ലഭിയ്ക്കുന്നതിനായി സ്റ്റേഷൻ ഓഫീസർ വെള്ളത്തൂവൽ പോലീസ് സ്റ്റേഷനിലേയ്ക്കും അപേക്ഷിച്ചിരുന്നു. പിന്നീട് 06-02-2021 ലെ 07(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം കോവിഡ് പഞ്ചാത്തലത്തിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടികൾ നിർത്തി വച്ചിട്ടുള്ളത്, പുനരാരംഭിക്കുന്നതിനും കുടിശ്ശിക തുകകൾ ഈടാക്കി കടമുറികൾ ഒഴിപ്പിച്ച് പുനർലേലം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ടി കടമുറികളുടെ 2019-20 വർഷത്തെ കുടിശ്ശിക തുക ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-16 FACTEOS ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും FACTEOS ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ |
|---|---|---|
| 1 | 2/57/C,D,E | യോഗി ദാസ്, യോഷ്മ ഹൗസ് |
| 2 | 10/229/B | ജൂലിൻ കെ. ഓസ്റ്റിൻ, ചിറക്കൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/01.09.2021) സ്ഥാപനം തുറന്ന് പ്രവർത്തിയ്ക്കാത്തതിനാലാണ് ഫീസ് ഈടാക്കാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഹോംസ്റ്റേ ഇനത്തിൽ വസ്തു നികുതി അടവാക്കുന്ന ടി സ്ഥാപനങ്ങൾ പ്രവർത്തനം പുനരാരംഭിക്കുന്ന മുറയ്ക്ക് ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.

കൂടാതെ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന താഴെ സൂചിപ്പിക്കുന്ന റേഷൻ കടകളിൽ നിന്ന് കൂടി FACTEOS ലൈസൻസ് ഫീസ് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | റേഷൻ കട നം. | സ്ഥലം |
|---|---|---|
| 1 | 122 | മരക്കാനം |
| 2 | 92 | മുനിയറ |
| 3 | 48 | കരിമല |
| 4 | 9 | തിങ്കൾക്കാട് |
| 5 | 54 | കൈലാസം |
| 6 | 51 | മുള്ളരിക്കുടി |
| 7 | 94 | പണിക്കൻകുടി |
| | | |

| | | |
|---|---|---|
| 8 | 115 | കൊമ്പൊടിഞ്ഞാൽ |
| 9 | 52 | പുല്ലുകണ്ടം |
| 10 | 95 | പാറത്തോട് |
| 11 | 98 | ഇരുമലക്കപ്പ് |
| 12 | 50 | കമ്പിളികണ്ടം |
| 13 | 100 | തെള്ളിത്തോട് |
| 14 | 90 | ചിന്നാർ |
| 15 | 97 | മങ്കുവ |
| 16 | 132 | പനംകുട്ടി |
| 17 | 49 | അഞ്ചാംമൈൽ |
| 18 | 53 | കല്ലാർകുട്ടി |
| 19 | 131 | വിമലാസിറ്റി |
| 20 | 93 | കൊന്നത്തടി |

1-17 ഇ-ടെണ്ടർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പെയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം ഇ-ടെണ്ടർ നടപടികളിലൂടെ 06 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെണ്ടർ ഫോം വില + ടെണ്ടർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ടെണ്ടർ ഫോം വില |
|---|---|---|
| 2019-20 | 06 | 12600 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-18 എസ്.എസ്.എ വിഹിതം -രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| ബിൽ നം./തീയതി/തുക | 2607/20.08.2019<br>തുക 600000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം - |

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം എസ്.എസ്.എ.വിഹിതം ഒടുക്കുന്നതിലേക്കായി പ്രോജക്ട് ആവിഷ്കരിക്കുകയും ₹600000/- എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ചെലവഴിക്കാനുദ്ദേശിക്കുന്ന തുക, പ്രവർത്തന ഉദ്ദേശ്യങ്ങൾ എന്നിവ വ്യക്തമാക്കുകയോ പ്രസ്തുത ചെലവിന് ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുകയുടെ കൃത്യത വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് ഓഫീസർ നൽകിയ ₹600000/- വിനിയോഗിച്ചു എന്ന മാത്രം രേഖപ്പെടുത്തിയ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടുണ്ട്. ആകെ പ്രതീക്ഷിത ചെലവ്, ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുക എന്നിവ വ്യക്തമാക്കിയ ഡിമാന്റ് നോട്ടീസിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക സർക്കാർ ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള നിരക്കിലാണോ എന്നത് വ്യക്തമല്ല. ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ട രീതിയിലും അനുപാതത്തിലും തുക ചെലവഴിച്ചു എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹600000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 പട്ടികജാതി വീട് മെയിന്റനൻസ് -രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നൽകി

2019-20 വർഷം പഞ്ചായത്തിലെ പട്ടികജാതി ഗുണഭോക്താക്കൾക്ക് താഴെ സൂചിപ്പിക്കുന്ന പ്രകാരം ആനുകൂല്യം വിതരണം ചെയ്തു.

| പ്രോജക്ട് | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ₹ | ചെലവ്₹ |
|---|---|---|---|
| വീട് വാസയോഗ്യമാക്കൽ(എസ് സി) | 9 | 900,000 | 896,000 |

നം.37

എന്നാൽ ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയപ്പോൾ, പട്ടികജാതി വികസന വകുപ്പിൽ നിന്ന് തൻ വർഷമുൾപ്പെടെ 8 വർഷത്തിനുള്ളിൽ ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന് വ്യക്തമാക്കുന്ന രേഖ അപേക്ഷയോടൊപ്പം ഹാജരാക്കിയില്ല. ഗുണഭോക്താക്കൾക്ക് അനുകൂല്യങ്ങൾ നൽകുമ്പോൾ ടി ആനുകൂല്യത്തിന് പൂർണ്ണമായും അർഹതയുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയ ശേഷം മാത്രം വിതരണം നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-20 നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ കരാറുകാരുടെ ജാമ്യത്തുകകൾ കണ്ടുകെട്ടണമെന്ന തീരുമാനം നടപ്പായില്ല

ഗ്രാമപഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്ത രണ്ടു പ്രോജക്ടുകൾ കരാറുകാർ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ കാരണത്താൽ ടി വർഷം നടപ്പാക്കാൻ കഴിഞ്ഞില്ല. തുടർന്ന് അവ സ്പിൽ ഓവറായി ഉൾപ്പെടുത്തി 2020-21-ൽ മറ്റു കരാറുകാർ മുഖേന നടപ്പാക്കി. യഥാസമയം പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം പ്രവൃത്തിക്കാവശ്യമായ തുടർനടപടികൾ സ്വീകരിക്കാതിരുന്നതു കാരണം പ്രസ്തുത കരാറുകാരുടെ നിരതദ്രവ്യം/ ജാമ്യനിക്ഷേപം പഞ്ചായത്തുഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ഭരണസമിതി തീരുമാനമെടുത്തെങ്കിലും നാളിതുവരെ നടപ്പായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) എസ് 235/2020 കോയിക്കക്കുടിയിൽ പടി - കിഴക്കേവീട്ടിൽ ഭാഗം റോഡ് (വാർഡ്-16)

2 ലക്ഷം രൂപ അടങ്കലുള്ള പ്രസ്തുത പ്രോജക്ടിന്റെ ടെണ്ടറിൽ പങ്കെടുത്ത ശ്രീ. ഗിരീഷ്.കെ.എസ് എന്ന കരാറുകാരൻ 38 % കുറവു രേഖപ്പെടുത്തി സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് നിർവഹണ ഉദ്യോഗസ്ഥൻ സെലക്ഷൻ നോട്ടീസ് അയച്ചെങ്കിലും ടിയാൻ കരാർ ചമയ്ക്കാനോ സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി പൂർത്തിയാക്കാനോ തയ്യാറായില്ല. ഈ സാഹചര്യത്തിൽ റീ-ടെണ്ടറിലൂടെ മറ്റൊരു കരാറുകാരൻ മുഖേന പ്രോജക്ട് നടപ്പാക്കുകയും വീഴ്ച വരുത്തിയ കരാറുകാരൻ ടെണ്ടറിനൊപ്പം ഹാജരാക്കിയ നിരതദ്രവ്യം കണ്ടുകെട്ടാൻ ഭരണസമിതി നിർദ്ദേശിക്കുകയും ചെയ്തു. (തീരുമാന നം. 3(9)/14.02.2020). എന്നാൽ പ്രസ്തുത തീരുമാനം ഓഡിറ്റ് കാലയളവിലും നടപ്പായിട്ടില്ല. 22.01.2019-ലെ 118120101661 നമ്പർ രസീതു പ്രകാരം ടിയാൻ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ 5000/- രൂപ ഇപ്പോഴും നിരതദ്രവ്യം എന്ന കണക്കു ശീർഷകത്തിൽ നിലനിർത്തിയിട്ടുണ്ട്.

ബി) എസ് 238/2020 കമ്പിളികണ്ടം - കുടുംബശ്രീ ഹാൾ ടോയ്‌ലറ്റ് നവീകരണം

പ്രസ്തുത പ്രവൃത്തിക്കായി കരാർ ഏറ്റെടുത്ത ശ്രീ. കെ. എൻ. സുരേഷ് അനുവദനീയമായ സമയത്തിനുള്ളിൽ പ്രവൃത്തി നടത്താതെയും കരാറിൽ നിന്ന് പിൻതിരിയുന്ന വിവരം നിർവഹണ ഉദ്യോഗസ്ഥയെ രേഖാമൂലം അറിയിക്കാതെയും വിദേശത്ത് ജോലിക്കായി പോയ വിവരം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇയാൾ സമർപ്പിച്ച ജാമ്യനിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ഭരണസമിതി നിർദ്ദേശിക്കുകയുണ്ടായി. (തീരുമാന നം. 3(1)/ തീ. 24.12.2019). ജാമ്യനിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് സഹിതം നിർവഹണ ഉദ്യോഗസ്ഥയായ അസി. എഞ്ചിനീയർ വിവരങ്ങൾ പഞ്ചായത്തിന് കൈമാറിയെങ്കിലും പ്രസ്തുത തീരുമാനവും നാളിതുവരെ നടപ്പായില്ല. ജാമ്യത്തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക | രസീത് നം./ തീയതി |
|---|---|---|
| നിരതദ്രവ്യം | 5000 | 118120102448/ 02.03.2019 |
| ജാമ്യനിക്ഷേപം | 5000 | TSB FD രസീത് നം. 799010500643734 / തീ.07.03.2019 |
| ആകെ | 10000 | |

ഭരണസമിതി തീരുമാനമെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും അത് നടപ്പാക്കാത്ത നടപടി ക്രമപ്രകാരമുള്ളതല്ല. ഋണശീർഷക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ള പ്രസ്തുത തുകകൾ (ജാമ്യ നിക്ഷേപം പണമാക്കിയ ശേഷം) അടിയന്തിരമായി ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-21 പദ്ധതി മാർഗരേഖയ്ക്കു വിരുദ്ധമായി ഗുണഭോക്തൃ വിഹിതമില്ലാതെ ജലവിതരണ പദ്ധതികൾ നടപ്പാക്കി

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ (എം എസ്) 11/2018 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖയുടെ ഖണ്ഡിക 7.1.6. (ബി) (6) ഖണ്ഡിക അനുസരിച്ച്, എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത രണ്ടു ജലവിതരണ പദ്ധതികൾ പൂർണമായും ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചാണ് നടപ്പാക്കിയത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം., പേര് | വിനിയോഗിച്ച തുക | ഫണ്ട് | ചെയ്ത പ്രവൃത്തി | ബിൽ വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1 | എസ്174/20 പന്നിയാർ നിരപ്പ് വള്ളക്കടവ് ഭാഗം | 861280 | വികസന ഫണ്ട് പൊതുവിഭാഗം | 11.5 M X 9.5 M X 6.05 M അളവുകളിൽ ഒരു കുളം നിർമിച്ച്, സംരക്ഷണഭിത്തി കെട്ടി, മേൽമൂടി സ്ഥാപിച്ചു. | 19101252008700035162/ തീ. 05.04.2019 , 19101252008701020914/ തീ. 31.12.2019 |

| | | | | | |
|---|---|---|---|---|---|
| | ജലസേചന പദ്ധതി | | | | |
| 2 | എസ്218/20 കരിമല കുടിവെള്ള പദ്ധതി | 99854 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | നിലവിലുണ്ടായിരുന്ന കുളം വൃത്തിയാക്കി 10 HP ശേഷിയുള്ള ഡീസൽ പമ്പ് വാങ്ങി സ്ഥാപിച്ച | 19101252008700326961/ തീ. 10.07.2019 |
| | ആകെ | 961134 | | | |

ക്രമ നമ്പർ 2, 11-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ (2008-09 ) കമ്മീഷൻ ചെയ്യപ്പെട്ടതാണ്. പൊതു വിഭാഗത്തിൽപ്പെട്ട പ്രസ്തുത പ്രോജക്ടുകളുടെ നിർവഹണത്തിന് ഗുണഭോക്തൃവിഹിതം സമാഹരിക്കാൻ സാഹചര്യമുണ്ടായിരിക്കെ അത്തരം സാധ്യതകൾ പരീക്ഷിക്കാതെ തുക പൂർണമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും വിനിയോഗിച്ച നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പദ്ധതിമാർഗരേഖാ നിർദ്ദശം ലംഘിച്ച് ഫണ്ട് വിനിയോഗിച്ചതിനാൽ ചെലവു തുക ₹961134 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്ന തീരുമാനം നടപ്പായില്ല

ഗ്രാമപഞ്ചായത്ത് വിവിധ കാലയളവിൽ ആർജ്ജിച്ച റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതികൾ ഉൾപ്പടെയുള്ള 29 ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിന്റെ ഭാഗമാകാതിരുന്നത് വിലയിരുത്തിയ ഭരണസമിതി 06.06.2019-ലെ 5 (1) നമ്പർ തീരുമാനപ്രകാരം അവ രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ അസി. എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. എന്നാൽ പ്രസ്തുത തീരുമാനം നാളിതുവരെ നടപ്പായിട്ടില്ല. സോഫ്റ്റ്വെയർ തകരാർ മൂലമാണ് വിശദാംശങ്ങൾ ചേർക്കാൻ കഴിയാതിരുന്നതെന്നും നിലവിൽ അത് പരിഹരിച്ച സാഹചര്യത്തിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതാണെന്നും എഞ്ചിനീയർ അറിയിക്കുകയുണ്ടായി. ഭരണസമിതി തീരുമാനം അടിയന്തിരമായി നടപ്പിൽ വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-23 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.02.2016-ലെ സർക്കാർ ഉത്തരവ് (സാധാ.) 409/16 പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ ഈയിനത്തിൽ മുൻകൂർ ആയി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് നൽകിയ ₹1074578/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-24 വാഹന വാടക സംബന്ധിച്ച്

സ.ഉ(സാധാ)നം.2493/2012/തസ്വഭവ തീയതി 3-9-2012 പ്രകാരം സ്വന്തമായി വാഹനമില്ലാത്ത സ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് തനതു ഫണ്ടിൽ നിന്ന് പ്രതിവർഷം ₹75000/- ചെലവഴിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം ഉണ്ടായിരിക്കെ 2019-20 വർഷം വാഹനവാടക ഇനത്തിൽ ₹77541/ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ തീയതി | തുക |
|---|---|
| 21900090/16.5.2019 | 18500 |
| 21900116/21.5.2019 | 5500 |
| 21900276/17.7.2019 | 3300 |
| 21900282/17.7.2019 | 3800 |
| 21900402/17.9.2019 | 3720 |
| 21900445/1.10.2019 | 1800 |
| 21900474/16.10.2019 | 400 |
| 21900475/16.10.2019 | 2500 |
| 21900557/15.11.2019 | 6000 |
| 41900237/25.1.2020 | 10065 |
| 21900740/28.1.2020 | 2500 |
| 21900830/27.2.2020 | 1400 |
| 21900834/27-2-2020 | 3000 |
| 21900838/27.2.2020 | 400 |
| 21900846/29.2.2020 | 13056 |
| 21900939/20.3.2020 | 1600 |

| | |
|---|---|
| ആകെ | 77541 |

വാഹന വാടകയിനത്തിലെ ചെലവുകൾ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

1-26 മോണിട്ടറിംഗ് സമിതികൾ നിർജ്ജീവം

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതതു മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും, കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്തസത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 ജവഹർ ഭവവനപദ്ധതി-ലോൺ തുക യഥാസമയം തിരിച്ചടച്ചില്ല- പലിശയിനത്തിൽ ഗണ്യമായ തുക നഷ്ടം

ഇടുക്കി ജില്ലാ സഹകരണ ബാങ്ക് പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ജവഹർ ഭവന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് പ്രസ്തുത ബാങ്കിന്റെ കമ്പിളികണ്ടം ശാഖയിൽ നിന്നും 3.6 കോടി രൂപ 11 % നിരക്കിൽ വായ്പയെടുത്തിരുന്നു. (വായ്പാനുമതി :- സർക്കാർ കത്ത് നം.No.299564/DBI/15ത.സ്വ.ഭ.വ 1-10-2015). പ്രോജക്ട് പൂർത്തീകരണശേഷവും ഇതിനായി തുടങ്ങിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും വി.ഇ.ഒ.യുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ (IDCB കമ്പിളികണ്ടം ശാഖ അക്കൗണ്ട് നമ്പർ 120261000620002) ₹2,40,100/- ബാക്കി നിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ട ഭരണസമിതി പ്രസ്തുത തുക ലോൺ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. (തീരുമാന നം. 05(05)/തീ. 30.04.2019.) എന്നാൽ പ്രസ്തുത തീരുമാനം

നടപ്പായില്ല. ഓഡിറ്റ് വേളയിൽ ഈ വിഷയത്തിൽ വിശദീകരണം (ഓഡിറ്റ് എൻക്വയറി നം.18/02.09.2021) ആവശ്യപ്പെട്ടതിനെത്തുടർന്ന് മാത്രമാണ് ₹220100/- 03.09.2021-ൽ തിരിച്ചടച്ചത്. ₹20000/- ഒരു ഗുണഭോക്താവിന് അവസാന ഗഡു നൽകേണ്ടതുള്ളതിനാൽ നിലനിർത്തുന്നതായും അറിയിച്ചു. ലോൺ തുക ആവശ്യാധിഷ്ഠിതമായി മാത്രമാണ് സംയുക്ത അക്കൗണ്ടിലേക്ക് മാറ്റിയിടേണ്ടിയിരുന്നത്. സ്വീകരിക്കുന്ന തുകയ്ക്കാണ് പലിശ നൽകേണ്ടി വരിക എന്നതിനാൽ ആവശ്യാധിഷ്ഠിതമല്ലാതെ ടി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത തുകയും പലിശയ്ക്ക് വിധേയമായി. അധികമായി തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ച നടപടിക്ക് വിശദീകരണം നൽകേണ്ടതാണ്. ശേഷിച്ച തുക തിരികെ അടയ്ക്കാൻ ഭരണസമിതി നിർദ്ദേശിച്ചെങ്കിലും അത് നടപ്പാക്കുന്നതിൽ സെക്രട്ടറിക്ക് ഗുരുതരമായ വീഴ്ച സംഭവിച്ചു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 182-ാം വകുപ്പനുസരിച്ച് ഭരണസമിതി സ്വീകരിക്കുന്ന തീരുമാനങ്ങൾ നടപ്പാക്കി തൊട്ടടുത്ത സമിതി യോഗത്തിൽ റിപ്പോർട്ടു ചെയ്യേണ്ട സെക്രട്ടറി, പ്രസ്തുത തുക ലോൺ അക്കൗണ്ടിൽ തിരിച്ചടച്ച് ഭരണ സമിതിയെ ബോധ്യപ്പെടുത്താതിരുന്നതു വഴി ഗണ്യമായ തനതു ഫണ്ട് പലിശയിനത്തിൽ (11%) പാഴാക്കേണ്ട സാഹചര്യത്തിന് വഴിയൊരുക്കി. യഥാസമയം നടപടി സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യം സംരക്ഷിക്കാൻ ബാധ്യസ്ഥനായ സെക്രട്ടറി അത് നിർവഹിക്കാതിരുന്നതിനാൽ വായ്പാ പലിശയിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം (30.04.2019 മുതൽ 03.09.2021) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-28 പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല, തടസ്സം, ₹2,30,260/-</u>

2019-20 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്കായി ₹230260/- ചെലവഴിച്ചതായി ബിൽബുക്കിലും ചെലവ് പത്രികയിലും കാണുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതി നം | ബിൽ നം ,തീയതി | തുക, ₹ |
|---|---|---|---|---|
| 1 | ഫലവൃക്ഷതൈകൾ വിതരണം, ജനറൽ | 19/2019-20, | 5, 2019-20,08-03-20 | 45,900/- |
| 2 | ജലസേചന മോട്ടോർ പമ്പ് സെറ്റ് | 29/2019-20 | 3,2019-20,29-01-20<br>4,2019-20,12-02-20 | 1,09,000/-<br>46,000- |
| 3 | തെങ്ങിൻതൈ വിതരണം (ഡി & റ്റി) | 177/2019-20 | 2,2019-20,17-5-19 | 14,280/- |
| 4 | തെങ്ങിൻതൈ വിതരണം | 185/2019-20 | 1,2019-20,17-5-19 | 15,080/- |

മേൽ പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.25ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക ₹230260/- തടസ്സപ്പെടുത്തുന്നു. ഫയലുകൾ അടിയന്തരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-2020 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 249900 | പുലിവ്കണ്ടം വെട്ടുകല്ലപെട്ടി റോഡ് കോൺക്രീറ്റിംഗ് | 249900 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹13271922/- വരവുണ്ട്. ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി അനുവദിച്ച വായ്പ തുക | തൻവർഷം ലഭിച്ച വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ (₹) | പലിശ (₹) | |
| ജവഹർ ഭവന പദ്ധതി | 299564/ ഡി ബി യ 15/ എൽ.എസ്.ജി.ഡി. തീയതി:01.10.2015 ₹ 36000000 | 0 | 24284198 | 3000000 | | 21284198 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 124/2018 എൽ.എസ്.ജി.ഡി. തീയതി.11.09.2018 ₹ 41260000 | 13271922 | 27988078 | 2691177 | 0 | 38568823 |

### 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹508750 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 0 |
| | |

| | |
|---|---|
| ആകെ | ₹508750 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹508750 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം | 14.6.2018 | 1വർഷം | 508750 | - |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 24191/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ ഡി.ഡി നമ്പർ,തീയതി |
|---|---|---|---|---|
| 2014-2015 | 2-2 | 4086 | ശ്രീമതി.തങ്കമണി ഇ.കെ, സീനിയർ ക്ലർക്ക് | 119120101934/03.09.2019 |
| 2017-2018 | 3-1 | 2500 | ഡോ.അനുഷ അലി, വെറ്ററിനറി സർജൻ | 191201013257/30.11.2019 |
| 2017-2018 | 3-1 | 2515 | ഡോ.അനുഷ അലി, വെറ്ററിനറി സർജൻ | 191201013258/30.11.2019 |
| 2017-2018 | 3-1 | 12575 | ഡോ.അനുഷ അലി, വെറ്ററിനറി സർജൻ | 191201013259/30.11.2019 |
| 2017-2018 | 3-1 | 2515 | ശ്രീ.സന്തോഷ് കെ, സെക്രട്ടറി | 119120900001/05.12.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം/ ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2014-15 2-3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | - |
| 2 | 2015-16 2-4 | 2016-17 | അനുബന്ധം-4 | വസ്തുനികുതി അപാകതകൾ | - |
| 3 | 2015-16 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി സംബന്ധിച്ച് | - |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ | ചാർജ്ജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ | സർചാർജ്ജ് സർട്ടിഫിക്കറ്റ് | റവന്യൂ റിക്കവറി നടപടി | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ | റിമാർ |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./തീയതി | തുക ₹ | തുക (രസീത് നം./ തീയതി) | പ്രകാരമുള്ള തുക യഥാ സമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടു ത്തിയി ട്ടുണ്ടോ | യിലൂടെ ഈടാ ക്കിയ തുക, തീയതി | ഉൾപ്പെട്ട തുക ₹ | ഈടാ ക്കിയ തുക ₹ | | ബാധ്യത ₹ | ക്ക് സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1999-00 | 26 | കെ. രവി, സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി.2/ 2003, 20.08.04/ 22.09.04 | 36768 | 0 | | 0 | 0 | 0 | 0 | 36768 | - |

## ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടു ത്തിയി ട്ടുണ്ടോ | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവ ശേഷി ക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾ പ്പെട്ട തുക ₹ | ഈടാ ക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 31, 32, 34 | കെ. രവി സെക്രട്ടറി | എൽ.എഫ്. 22661/ സ്പെ.സെൽ എസ്.സി. 2/2003 20.08.04/ 27.04.03 | 2622 | 0 | | 0 | 0 | 0 | 0 | 2622 | ... |
| 2 | 1999-00 | 27, 29, 38 (1)& (2) | പി. എസ്. രാജപ്പൻ സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003 20.08.04/ 22.09.04 | 6448 | 0 | | 0 | 0 | 0 | 0 | 6448 | ... |
| 3 | 1999-00 | 35, 36 | കെ. രവി സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003, 20.08.04/ 22.09.04 | 20474 | 0 | | 0 | 0 | 0 | 0 | 20474 | ... |
| 4 | 1999-00 | 39 | എ. മുരളീധരൻ അസി. എഞ്ചി. | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003, 11.03.2005/ 26.03.2005 | 6828 | 0 | | 0 | 0 | 0 | 0 | 6828 | ... |
| 5 | 2000-01 | 30(3) | വി. എസ്. മുഹമ്മദ് സെക്രട്ടറി | എൽ.എഫ്. 7073/ സ്പെ.സെൽ എസ്.സി. 2/2005, 04.07.2006 | 17520 | 0 | | 0 | 0 | 0 | 0 | 17520 | ... |
| 6 | 2004-05 | 3-11 (Part) | കെ. എ. റഷീദ് അസി. എഞ്ചി. | എൽ.എഫ്. 18560/ സ്പെ.സെൽ എസ്.സി. 2/2008, 06.02.2010 | 3608 | 0 | | 0 | 0 | 0 | 0 | 3608 | ... |
| 7 | 2004-05 | 3-11 (Part) | കെ. സുധാകരൻ | എൽ.എഫ്. | 3608 | 0 | | 0 | 0 | 0 | 0 | 3608 | ... |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | അസി. എഞ്ചി. | 18560/ സ്പെ.സെൽ എസ്.സി. 2/2008, 21.11.2009 | | | | | | | | | |
| 8 | 2005-06 | 3-1, 3-2 | സി. ജി. ചന്ദ്രമോഹൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. 2/2009, 18.01.2011 | 23055 | 0 | | 0 | 0 | 0 | 0 | 23055 | ... |
| 9 | 2005-06 | 3-7 | എ. സോമൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. 2/2009 18.01.2011 | 8520 | 0 | | 0 | 0 | 0 | 0 | 8520 | ... |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | 12630890 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 101620498 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 94436140 |
| നീക്കിയിരിപ്പ് | | 19815248 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1791394 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 600000 | ശ്രീമതി.സ്മിത കെ.ജി, ഹെഡ്മിസ്ട്രസ് |
| 1-21 | 961134 | ശ്രീമതി. ഷെറിൻ ആൻഡ്രൂസ്, അസി. എഞ്ചിനീയർ |
| 1-31 | 230260 | ശ്രീമതി നീതു ചന്ദ്രൻ, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സ്മിത കെ.ജി, ഹെഡ്മിസ്ട്രസ് | | വേലംപറമ്പിൽ,കൊന്നത്തടി പി.ഒ |
| ശ്രീമതി. ഷെറിൻ ആൻഡ്രൂസ്, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കൊന്നത്തടി ഗ്രാമപഞ്ചായത്ത് | ഇഞ്ചപ്പാറയിൽ വീട്, മന്നാംകണ്ടം പി.ഒ 200 ഏക്കർ, അടിമാലി |
| ശ്രീമതി നീതു ചന്ദ്രൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്, എറണാകുളം | മോളംപുറത്ത് ഹൌസ് ഇരുമ്പനം. പി.ഒ. എറണാകുളം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽ.എഫ്.ഐ-8/138/99/ തീ.15.06.99 | 24 | 1, 2, 3, 4, 5, 10, 13(1),(2),(3), 14 (1, 2, 3, 4, 5),15, 16, 17, 18, 19,20, 21, 22, 23, 24, |
| 1996-97 | എൽ.എഫ്.ഐ-8/225/99/ തീ.10.09.99 | 2 | 31(B), 33 |
| 1997-98 | എൽ.എഫ്.ഐ-8/520/01/ തീ.02.11.01 | 5 | 24, 25, 26, 27, 29 |
| 1998-99 | എൽ.എഫ്.ഐ-8/521/01/ 02.11.01 | 22 | 21, 21(C), 22, 23, 24, 25, 26, 27, 28, 29, 30,31, 32, 33, 34, 35,36, 37, 38, 39, 40, 41 |
| 1999-00 | എൽ.എഫ്.ഐ-8/28/02/ തീ.07.06.03 | 33 | 20, 21(A), (B), 22(A),(B), (C), (D), (E), 23,24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38(1),(2), 39, 40, 41, 42, 43, 44, 45, 46, |
| 2000-01 | എൽ.എഫ്.ഐ-8/650/02/ തീ.01.03.05/ 05.04.05 | 17 | 20, 21, 22, 23, 24, 25(A),(B), 26, 27, 28, 29, 30(3),(6),(7),31, 32, 33 |

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.ഐ-8/700/04/ തീ.28.06.05 | 18 | PART II - 1, 2, 3, 4, 5, 6, 7, 8, 9, 10, 12,PART III - 6,7,10,11, 12,13,14, |
| 2002-03! | എൽ.എഫ്.ഐ-7/650/06/ തീ.12.10.06/ 04.05.07 | 28 | 2.1(A),(B), 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14, 3.15, 3.16, 3.17, 3.18, 3.19, 3.20, 3.21, 3.22 |
| 2003-04 | എൽ.എഫ്.ഐ-7/658/07/ തീ.14.02.08/ 10.03.08 | 17 | 2.2, 2.3, 2.4(A),(B),(C),(D), 2.5(A),(B), 2.6, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, |
| 2004-05 | എൽ.എഫ്.ഐ-7/192/08/ തീ.07.08.08/ 15.10.08 | 21 | 2.1(A),(B),(C), 2.2, 2.3 (A),(B), 2.4, 2.5, 2.6, 2.7, 2.8, 3.1, 3.2, 3.3, 3.4, 3.5, 3.6,3.7, 3.8, 3.9, 3.10,3.11, 3.12, 3.13, 3.14, |
| 2005-06! | എൽ.എഫ്.ഐ-7/143/09/ തീ.18.05.09/ 09.10.09 | 23 | 2.1, 2.2, 2.3, 2.4, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14 (A,)(B),(C),3.15(A),(B), 3.16 |
| 2006-07 | എൽ.എഫ്.ഐ-11/520/2010 തീ.03.03.11/31.03.11 | 12 | 2.1, 2-2(1), 2-2(2),3.1, 3-2, 3-3, 3-4,3-5, 3-6, 3-7, 3 8,3-9, |
| 2007-08 | എൽ.എഫ്.ഐ-11/948/2011 തീ.12.10.11 | 10 | 2.2(1)(2)(3),2.3, 2.4,2.5,2.6, 3.1,3.2,3.3, |
| 2008-09 | എൽ.എഫ്.ഐ-11/949/2011 തീ.01.12.11/06.01.2012 | | 2.1,2.2,2.3,2.4,2.5,2.6, 2.7,2.8, 3.1, 3.2,3.3,3.4,3.5,3.6,3.7, |
| 2009-10 | എൽ.എഫ്.ഐ-11/950/2011 തീ. 02.02.2012 | 21 | 2.1,2.2,2.3(A,B,C), 2.4, 2.5, 2.6,2.7, 3.1, 3.2,3.3,3.4,3.5, 3.6(A,B,C),3.7,3.8,3.9, 3.10, |
| 2010-11 | എൽ.എഫ്.ഐ-11/989/2013 തീ. 07.03.15 | 23 | 2.1,2.2,2.3, 3.1,3.2,3.3, 3.4,3.5,3.6,3.7,(1,2,3)3.8,3.9,3.10,3.11, 3.12,3.13, 3. 14, 3.15, 3.16,3.17,3.18 |
| 2011-12 | എൽ.എഫ്.ഐ-11/800/13 തീ.03.12.13/25.02.14 | 15 | 2.1(A)(B)(C)(D),2.2,2.3, 2.5 3.1,3.2, 3.3,3.4,3.5,3.6,3.7,3.8, |
| 2012-13 | എൽ.എഫ്.ഐ-11/398/14 തീ. 31.05.2014 | 12 | 2.1,2.2, 3.1,3.2,3.3,3.4, 3.5,3.6,3.7, 3.8,3.9,3.10 |
| 2013-14 | കെ.എസ്.ഐ.ഡി.കെ-11/208/16 തീ. 23.06.16 | 23 | 2.1,2.2,2.3,2.4,2.5,2.6, 3.1, 3.2,3.3,3.4, 3.5,3.6,3.7, 3.8,3.9,3.10,3.11, 3.12,3.13, 3.14,3.15,3.16,3.17 |
| 2014-15 | കെ.എസ്.ഐ.ഡി.കെ-11/1629/16/ തീ. 04.02.17 | 13 | 2.1,2.2,2.3, 3.2(A,B), 3.3,3.4,3.5,3.6,3.8, 3.9, 3.11,3.12 |
| 2015-16 | കെ.എസ്.ഐ.ഡി.കെ-11/479/17 തീ. 17.04.17 | 14 | 2.1, 2.2, 2.3, 2.4, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.10, 3.11, |
| 2016-17 | കെ.എസ്.ഐ.ഡി.കെ-11/1321/17/ തീ.02.11.17 | 11 | 2.1, 2.2, 2.3, 2.4, 3.1, 3.2,3.3, 3.4, 3.5, 3.6, 3.7, |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.ഐ.ഡി.കെ-11/57/2019 | 19 | 2-1, 2-2, 2-3, 3-1,3-2, 3-3<br>3-4, 3-5, 3-6, 3-7, 3-8,<br>3-9, 3-10, 3-11,3-12,<br>3-13, 3-14, 3-15, 3-16 |
| 2018-19 | കെ.എസ്.ഐ.ഡി.കെ-11/1084/2019<br>തീയതി.03.01.2020/<br>21.04.2020 | 20 | 1-11-1 മുതൽ 1-30 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്